**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1599** **19-09-2025 - ൽ മറുപടിയ്ക്ക്**

**തെന്മല വില്ലേജ് പൂത്തോട്ടം പ്രദേശത്ത് കൈവശാനുഭവ ഭൂമി പോക്കുവരവ് ചെയ്ത് ലഭിയ്ക്കുന്നതിന്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ താലൂക്കിൽ തെന്മല വില്ലേജിൽ പൂത്തോട്ടം-പത്തേക്കർ എന്ന സ്ഥലത്ത് 878/5-നമ്പർ സർവ്വേയിൽപ്പെട്ട വസ്തുവിൽ സ്ഥിരതാമസവും കൈവശാനുഭവവുമുള്ള ആളുകൾക്ക് പ്രസ്തുത വസ്തുവിന് പട്ടയം നൽകി പോക്കുവരവ് ചെയ്ത് കൊടുക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ അറിയിക്കുമോ; | (എ) | കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ തെന്മ വില്ലേജിൽ പൂത്തോട്ടം -പത്തേക്കർ പ്രദേശത്തെ നിവാസികളും M/s മലയാളം പ്ലാന്റേഷൻസിൽ (നിലവിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് നിന്നും 1970 ന മുൻപ് ഭൂമി വാങ്ങി കൈവശ വയ്ക്കുകയും പിൽക്കാലത്ത് ടി ഭൂമിക്ക് ലാൻ ട്രൈബ്യൂണലിൽ നിന്നും പട്ടയം ലഭിക്കുകയു ചെയ്തവരുടെയും അവരുടെ പിന്തുടർച്ച അവകാശികളുടെയും 4 ഏക്കർ വരെയുള്ള ഭൂ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പോക്കുവര ചെയ്യുന്നതിനും കരം സ്വീകരിക്കുന്നതിനു റവന്യൂ (എ) വകുപ്പിന്റെ എ1/140/2018/റ തീയതി 17.09.2018 നമ്പർ കത്ത് പ്രകാര നിർദ്ദേശം നൽകിയിരുന്നു. ( അനുബന്ധം-1 ലാൻഡ് ട്രൈബ്യൂണലിൽ നിന്നും ക്ര സർട്ടിഫിക്കറ്റ് ലഭിച്ച അത്തരം കൈവശഭൂമിക മേൽ നിർദേശപ്രകാരം പോക്ക് വര അനുവദിച്ചിട്ടുള്ളതിനാൽ അപ്രകാരമുള്ള അപേക്ഷകൾ നിലവിൽ ഇല്ലാത്തതാണ്.<br><br>പുനലൂർ താലൂക്കിൽ തെന്മല വില്ലേജിലെ സർവ്വേ 878/5 ൽ പ്പെട്ട 14.54 ഏക്കർ ഭൂ ഉൾപ്പടെയുള്ള 7588.83 ഏക്കർ തോട്ട ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപി കിട്ടുന്നതിനായി ഹാരിസൺസ് മലയാള ലിമിറ്റഡിനെതിരെ കൊല്ലം ജില്ലാ കലക്ട പുനലൂർ സബ് കോടതിയിൽ ഫയൽ ചെയ്ത OS 12/2021 നമ്പർ സിവിൽ കേസ് തീർപ്പാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത കേസിലെ അന്തിമ വിധിന്യായത്തിന് വിധേയമായി മാത്രമേ ടി സർവ്വേ നമ്പരിൽ ഉൾപ്പെട്ട വസ്തുവിൽ സ്ഥിരതാമസവു കൈവശാനുഭവവുമുള്ളതും എന്നാൽ ലാൻ |

| | | | |
|---|---|---|---|
| | | | ട്രൈബ്യൂണലിൽ നിന്നും ക്രയ സർട്ടിഫിക്ക ലഭിച്ചിട്ടില്ലാത്തതുമായ കൈവശക്കാർക്ക് പട്ടയ നൽകുന്നതിനും പോക്കുവരവ് ചെയ്ത കൊടുക്കുന്നതിനുമുള്ള നിയമാനുസൃതമാ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ബി) | എ 1/140/2018/റവ തീയതി 17.09.2018-ാം നമ്പർ ഉത്തരവ് പ്രകാരം പൂത്തോട്ടം പത്തേക്കർ പ്രദേശത്തെ 4 ഏക്കർ വരെയുള്ള കൈവശക്കാരുടെ ഭൂമി പോക്കുവരവ് ചെയ്ത് കരം സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുള്ള വിഷയത്തിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് 24/03/25 ന് പുനലൂർ തഹസിൽദാർ ജില്ലാ കളക്ടർ വഴി സർക്കാരിലേയ്ക്ക് നൽകിയ കത്തിൻമേൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയം നിലവിൽ ആരുടെ പരിഗണനയിലാണ്; വിശദമാക്കാമോ; | (ബി) | M/s ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ കമ്പനികളും കൈവശം വച്ചിട്ടുള്ളതും കൈമാറ്റം ചെയ്തിട്ടുള്ളതുമായ ഭൂമിയുടെ നികുതി കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഉപാധികളോടെ സ്വീകരിക്കുന്നത് സംബന്ധിച്ചാണ് പുനലൂർ തഹസിൽദാർ ജില്ലാ കലക്ടറോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുള്ളത്. 17.9.2018 ലെ എ1/140/2018/ റവ നമ്പർ കത്ത് മുഖേനെ സർക്കാർ നൽകിയ നിർദേശം സംബന്ധിച്ച സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനായി കത്തുകൾ ഒന്നും സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല |
| (സി) | മേൽ വിഷയത്തിൽ നിലവിലെ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദി ട്രാൻസ്ഫർ ഓഫ് രജിസ്റ്ററി റൂൾസ്1966, 2(2) ചട്ടം പ്രകാരം പോക്കുവരവ് ഉൾപ്പെടെ ചെയ്തുകൊടുക്കുന്നതിന് നിർദേശം നൽകാനാകുമോ; വിശദമാക്കാമോ? | (സി) | പുനലൂർ താലൂക്കിൽ തെന്മല വില്ലേജിലെ സർവ്വേ 878/5 ൽ പ്പെട്ട 14.54 ഏക്കർ ഭൂമി ഉൾപ്പെടെയുള്ള 7588.83 ഏക്കർ തോട്ടം ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിച്ച് കിട്ടുന്നതിനായി ഹാരിസൺസ് മലയാളം ലിമിറ്റഡിനെതിരെ കൊല്ലം ജില്ലാ കലക്ടർ പുനലൂർ സബ് കോടതിയിൽ ഫയൽ ചെയ്ത OS 12/2021 നമ്പർ സിവിൽ കേസ് തീർപ്പാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത കേസിലെ അന്തിമ വിധിന്യായത്തിനു വിധേയമായി മാത്രമേ ടി സർവ്വേ നമ്പരിൽ ഉൾപ്പെട്ട വസ്തുവിൽ സ്ഥിരതാമസവും കൈവശാനുഭവവുമുള്ളതും എന്നാൽ ലാൻഡ് ട്രൈബ്യൂണലിൽ നിന്നും ക്രയ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതുമായ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനും പോക്കുവരവ് ചെയ്ത് കൊടുക്കുന്നതിനുമുള്ള നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

3335316/2019/REV

0043663

**കേരള സർക്കാർ**

നം.എ 1/140/2018/റവ

റവന്യൂ (എ) വകുപ്പ്,
തിരുവനന്തപുരം,
തീയതി, 17.09.2018

പ്രേഷകൻ,

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്,

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ & കളക്ടർ,
   ഗവൺമെന്റ് ലാൻറ് റിസംപ്ഷൻ,
   പബ്ലിക് ഓഫീസ് ബിൽഡിംഗ്,
   മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, കൊല്ലം.
4. തഹസിൽദാർ, പുനലൂർ.

സർ,

വിഷയം : റവന്യൂ വകുപ്പ് - കൊല്ലം ജില്ലയിൽ - പുനലൂർ താലൂക്കിൽ തെൻമല വില്ലേജിൽ പൂന്തോട്ടം - പത്തേക്കർ പ്രദേശത്തെ നിവാസികളും M/s. മലയാളം പ്ലാന്റേഷൻസ് (നിലവിൽ ഹാരിസൺ മലയാളം ലിമിറ്റഡ്) കമ്പനിയോ അവരിൽ നിന്നും ഭൂമി വാങ്ങിയവരോ, വിൽപ്പന നടത്തിയതുമായ ഭൂമി നിലവിൽ കൈവശം വയ്ക്കുന്ന 4 ഏക്കർ വരെയുള്ള കൈവശക്കാരുടെ ഭൂമി പോക്കുവരവ് ചെയ്ത് കരം സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന : 27/6/18, 20/7/2018 ലെ ഇതേ നമ്പർ സർക്കാർ കത്ത്.

*****

കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ തെന്മല വില്ലേജിൽ പൂത്തോട്ടം പത്തേക്കർ പ്രദേശത്തെ നിവാസികളും M/s മലയാളം പ്ലാന്റേഷൻസിൽ (നിലവിൽ ഹാരിസൺ മലയാളം ലിമിറ്റഡ്) നിന്നും 1970 ന മുൻപ് ഭൂമി വാങ്ങി കൈവശം വയ്ക്കുകയും പിൽക്കാലത്ത് ടി ഭൂമിക്ക് ലാൻഡ് ട്രൈബ്യൂണലിൽ നിന്നും പട്ടയം ലഭിക്കുകയും ചെയ്യുവരുടെയും അവരുടെ പിന്തുടർച്ചാ അവകാശികളുടെയും 4 ഏക്കർ വരെയുള്ള ഭൂമി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പോക്കുവരവ് ചെയ്യുന്നതിനും കരം സ്വീകരിക്കുന്നതിനും ഇതിനാൽ നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,
ടെസ്സി പി ജോസ്
അഡീഷണൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ